# പതിമൂന്നാം കേരളനിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4724 28.06.2013-ൽ മറുപടിക്ക്.

## തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണികൾ

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | മറുപടി<br>ഡോ.എം.കെ.മുനീർ<br>(ബഹു.പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
|---|---|
| (എ) ഗ്രാമപഞ്ചായത്ത് അതിർത്തികളിൽ സ്ഥാപിച്ചിട്ടുള്ള തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണികൾ നേരത്തേ നടത്തിവന്നിരുന്നത് എങ്ങനെയാണ്; ഇതിനുള്ള സാമഗ്രികൾ ആരാണ് സപ്ലൈ ചെയ്യുന്നത്; ഇപ്പോൾ ഇതിന് മാറ്റം വന്നിട്ടുണ്ടോ; എങ്കിൽ എന്ത്; | (എ) ഗ്രാമപഞ്ചായത്ത് അതിർത്തികളിൽ സ്ഥാപിച്ചിട്ടുള്ള തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണികൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ തന്നെയാണ് നിർവഹിച്ചിരുന്നത്. ആദ്യഘട്ടത്തിൽ തെരുവു വിളക്കുകളുടെ അറ്റകുറ്റ പ്പണികൾ നടത്തുന്നതിന് കെ.എസ്.ഇ.ബി.യിൽ പഞ്ചായത്ത് തുക നിക്ഷേപിക്കുകയും കെ.എസ്.ഇ.ബി. അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്തിരുന്നു. അതിനു ശേഷം ഗ്രാമപഞ്ചായത്തുകൾ തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള സാധന സാമഗ്രികൾ വാങ്ങിനൽകുകയും കെ.എസ്.ഇ.ബി. അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്തിരുന്നു. നിലവിൽ ഗ്രാമപഞ്ചായത്തുകൾ സർക്കാരിന്റെ 3055/ഡി.എ3/2011/തസ്വഭവ തീയതി 15.09.2011 നമ്പർ സർക്കുലർ പ്രകാരം കെ.എസ്.ഇ.ബി. ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുമായി എ.എം.സി പ്രകാരം കരാറിൽ ഏർപ്പെട്ടാണ് അറ്റകുറ്റപ്പണികൾ നടത്തുന്നത്. |
| (ബി) കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്താത്തതു മൂലം, മാസംതോറും ഭാരിച്ചതുക വൈദ്യുതി ചാർജ്ജ് ഇനത്തിൽ പഞ്ചായത്തുകൾ കെ.എസ്.ഇ.ബി.യിൽ അടയ്ക്കുകയും യഥാർത്ഥത്തിൽ തെരുവു വിളക്കുകൾ പ്രകാശിക്കാത്ത അവസ്ഥ ഉണ്ടാകുകയും ചെയ്യുന്നത് പരിഹരിക്കാനായി, തെരുവുവിളക്കുകൾക്ക് മീറ്റർ സംവിധാനം ഏർപ്പെ | (ബി) & (സി) തെരുവ് വിളക്കുകൾക്ക് മീറ്റർ സംവിധാനം ഏർപ്പെടുത്തുന്നതിനായി 07.07.2010ൽ 43742/ഡി.സി3/2010/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മാർഗ്ഗ നിർദ്ദേശം നൽകിയിട്ടുണ്ട്. അതിൻപ്രകാരം കത്താത്ത തെരുവുവിളക്കുകൾക്ക് കറണ്ട് ചാർജ് അടയ്ക്കേണ്ടിവരില്ല. |

ടുത്താൻ കഴിയുമോ; ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) കത്താത്ത തെരുവുവിളക്കുകളുടെ കണക്ക് എടുക്കുന്നതിന് കെ.എസ്.ഇ.ബി.യും പഞ്ചായത്തും ചേർന്ന് ജോയിന്റ് സർവ്വേ നടത്തുന്നതിനും, 4 മാസത്തിലൊരിക്കൽ ഇത് പരിശോധന നടത്തുന്നതിനും, ഇതിന്റെയടിസ്ഥാനത്തിൽ മാത്രം തെരുവുവിളക്കുകൾക്ക് കറന്റ് ചാർജ് അടയ്ക്കുന്നതിനും വ്യവസ്ഥ ചെയ്തുകൊണ്ട് സർക്കാർ ഉത്തരവ് ഇറക്കാൻ തയ്യാറാകുമോ;

(ഡി) തെരുവു വിളക്കുകളുടെ മെയിന്റനൻസ് ചുമതല കെ.എസ്.ഇ.ബി.യെ ഏൽപ്പിക്കാനും, ഇതിനാവശ്യമായ സാമഗ്രികളും വേതനവും പഞ്ചായത്തുകൾ നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

(ഡി) സർക്കാരിന്റെ 27.03.2012 ലെ 67208/ഡി.എ3/2011/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം കെ.എസ്.ഇ.ബി. ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുമായി എ.എം.സി കരാറിൽ ഏർപ്പെട്ടുകൊണ്ട് തെരുവ് വിളക്കുകളുടെ മെയിന്റനൻസ് നടത്തുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ആഫീസർ